# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 291 10.12.2012 -ൽ മറുപടിയ്ക്ക്

### <u>ഫോൺ/ഇ-മെയിൽ ചോർത്തൽ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ എളമരം കരീം : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന പോലീസിന് ഏതെല്ലാം സന്ദർഭങ്ങളിൽ ആരുടെയെല്ലാം ഫോൺ കോളുകളും ഇ-മെയിലും ചോർത്തുന്നതിന് അധികാരം ഉണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>ബി) പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ഫോൺകോളുകളോ, ഇ-മെയിലുകളോ ചോർത്തുന്നതിനുള്ള അധികാരം ഏതെല്ലാം നിയമവ്യവസ്ഥകൾ പ്രകാരമാണ് ലഭ്യമായിട്ടുള്ളതെന്നും അത് വിനിയോഗിക്കുന്ന തിനുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ; | (എ) ആന്റ് (ബി)<br><br>1885 - ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5(2), 2000 - ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 എന്നിവ പ്രകാരം പൊതുസുരക്ഷയും അടിയന്തിര സ്ഥിതിയും മുൻനിർത്തി രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ, കേസന്വേഷണം മുതലായ കാര്യങ്ങൾ പരിഗണിച്ച് ഇ - മെയിൽ, ഫോൺ എന്നിവ വഴിയുള്ള ആശയ വിനിമയങ്ങൾ പരിശോധി ക്കേണ്ടത് അത്യാവശ്യമാണെന്ന് കണ്ടാൽ ക്ഷമതയുള്ള അധികാരിക്ക് പരിശോധനയ്ക്ക് അനുമതി നല്കാവുന്നതാണ്. ഇപ്രകാരം ബന്ധപ്പെട്ട നിയമ വ്യവസ്ഥകളും ചട്ടങ്ങളും കൃത്യമായി പാലിച്ചുകൊണ്ട് സംസ്ഥാന ആഭ്യന്തര സെക്രട്ടറി പുറപ്പെടുവിക്കുന്ന നിയമാനുസൃത ഉത്തരവിന്റെ അടിസ്ഥാന ത്തിലാണ് പോലീസ് ഉദ്യോഗസ്ഥർക്ക് ടെലിഫോൺ വഴിയുള്ള ആശയ വിനിമയങ്ങൾ പരിശോധിക്കാൻ കഴിയുന്നത്. |
| സി) ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും നിയമസഭാ സാമാജികന്റേയോ, പാർലമെന്റ് അംഗത്തിന്റേയോ, ഏതെങ്കിലും അംഗീകൃത രാഷ്ട്രീയ പാർട്ടി നേതാവിന്റേയോ ഫോൺ കോളുകൾ ചോർത്തുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാം;<br><br>ഡി) ഫോൺ ചോർത്തൽ വഴി ലഭിച്ച എന്തെങ്കിലും തെളിവുകൾ പോലീസ് ഏതെങ്കിലും അന്വേഷണത്തിന്റെ ഭാഗമായി എടുത്തിട്ടുണ്ടോ ; എങ്കിൽ ഏത് കേസിൽ ; വ്യക്തമാക്കുമോ? | (സി) ആന്റ് (ഡി)<br><br>അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ